കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഊരകം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എം.പി.എം.27/1969/2017

ജില്ലാഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ -dompm.ksad@kerala.gov.in

ഫോൺ 0483 2734951

തീയതി. 03-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ഊരകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഊരകം ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമപഞ്ചായത്തിന്റെ 2016-17 .സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http:aims.ksad.kerala.gov.in എന്ന സൈററിൽ അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.10/17

നം കെ എസ് എ.27/1969/2017 തീയ്യതി: 03-10-2017

# മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.12.2016 മുതൽ 4.8.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം,

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ എ.എസ് . ഷാജഹാൻഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം: 4 .8.2017 മുതൽ 17.8.2017വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്ര.) |
| 2 | ശ്രീ.മൂസ. ഇ. | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീമതി.ലത .ഒ.വി. | ഓഡിററർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. സഫ്രീന അഹമ്മദ്. പി. കെ. | 1.4.2016മുതൽ 31.3.2017വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ. ശംസുദ്ദീൻ സി.കെ | 1.4.2016മുതൽ 31.3.2017വരെ |

മററുനിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ഷമീർമുഹമ്മദ്. | 1.4.2016മുതൽ 31.3.2017വരെ |
| 2 | വില്ലേജ്എക്സ്റററൻഷൻ ഓഫീസർ | ശ്രീ. മനോജ് | 1.4.2016മുതൽ 18.11.2016വരെ |
| | | കുമാരി സനിത പൂവത്തുപറമ്പിൽ | 19.11.2016മുതൽ 31.3.2017വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.ഹഫീസുറഹ്മാൻ | 1.4.2016മുതൽ 31.3.2017വരെ |
| 4 | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഉഷാറാണി | 1.4.2016മുതൽ 31.3.2017വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർ വേദം) | ഡോ. ആശ. കെ. | 1.4.2016മുതൽ 31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ. ഷെമീന | 1.4.2016മുതൽ 6.10.16 വരെ |
| | | ഡോ.അജ്മൽ സി എച്ച് | 7.10.16മുതൽ 31.3.17വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1ശ്രീമതി.ശാന്തി | 1.4.2016മുതൽ 1.7.2016വരെ |
| | | 2.ശ്രീമതി.ലുബീനടി | 2.7.2016 മുതൽ 31.7.2016വരെ |
| | | 2ശ്രീമതി.സലീനജോസഫ് | 1.8.2016മുതൽ 31.3.2017വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രഭാകരൻ പരി. | 1.4.2016മുതൽ 31.3.2017വരെ |

| | | | |
|---|---|---|---|
| 9 | അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീ.ശശിധരൻ നായർ | 1.4.2016മുതൽ<br>31.3.2017വരെ |
| 10 | ഹെഡ് മാസ്ററർ | ശ്രീ.മൊയ്തീൻകുഞ്ഞി | 1.4.2016മുതൽ<br>31.3.2017വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെവിവരം. | 1.3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | മററു ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം II | |
| 12 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പു വരുത്തി തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 13 | റേഷൻകടകളിൽനിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല | 2-2 |
| 14 | ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കില്ല | 2-3 |
| | ഭാഗം III | |
| 15 | സമയ ബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല-1.10 കോടി രൂപ ലാപ്സായി | 3-1 |
| 16 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതി ഭരണച്ചെലവ് 5.5% ൽ അധികരിയ്ക്കുന്നത് _ തുടർ നടപടി സ്വീകരിയ്ക്കുന്നില്ല:-. | 3-2 |
| 17 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു:- | 3-3 |
| 18 | വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല – പൂർത്തീകരണ വിവരം ലഭ്യമാക്കാൻ നിർദ്ദേശം:- | 3-4 |
| 19 | ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി-കരാറുടമ്പടിവച്ചില്ല- മരുന്നുകൾമുഴുവനും ലഭ്യമായില്ല: | 3-5 |
| 20 | ആശ്രയ പ്രേജക്ട് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം)അംഗീകാരമായെങ്കിലും നടപ്പിലാക്കിയില്ല, - രണ്ടാം ഘട്ടം പ്രൊജക്ട് അംഗീകാരമായില്ല:- | 3-6 |

| | | |
|---|---|---|
| 21 | എസ് .എസ് .എ -വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-7 |
| 22 | ഷീ പാഡ് -വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-8 |
| 23 | അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ | 3-9 |
| 24 | GI പൈപ്പിന് അധിക വില നൽകി | 3-10 |
| 25 | സിമന്റ് കോൺക്രീറ്റ് അധിക നിരക്ക് നൽകി. | 3-11 |
| 26 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-12 |
| 27 | ഷീറ്റ് റൂഫിങ് -അധിക വില നൽകി | 3-13 |
| 28 | ഷീറ്റ് റൂഫിങ് പ്രവൃത്തി- പർലിന് അധിക നിരക്ക് നൽകി | 3-14 |
| 29 | ആദായ നികുതി കുറവായി ഈടാക്കി | 3-15 |
| 30 | തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു | 3-16 |
| 31 | പരിരക്ഷ പദ്ധതി - മരുന്ന് ലഭ്യമായില്ല | 3-17 |
| | ഭാഗം IV | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനി യോഗം | 4-1 |
| 33 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 35 | വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 39 | ഓഡിററ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധപത്രികകൾ | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജററ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/28.3.2016 | 1/3.3.17 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 29.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക. പരിശോധിച്ചിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം,തീയതി |
|---|---|---|
| 2016-17 | 14.8.2017 | അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പ്

1.AFSപ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, പിരിവ്, കുടിശ്ശിക എന്നിവ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| 4599426 | 4822722 | 3614324 | 4283461.50 | 6261515 | 539260.50 |

വസ്തു നികുതിയുടെ കൂടെ ലൈബ്രറി സെസ്, സർവ്വീസ് സെസ് എന്നിവ കൂടി കൂട്ടിയ തുകയാണ് രജിസ്റ്റർ പ്രകാരമുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വരവ് തുകയുടെ കൂടെ പ്രസ്തുത തുകകൾ കൂട്ടിയാലും രജിസ്റ്റർ പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

2. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക 2324826.75 രൂപയാണ്. എന്നാൽ 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക വരവ്

2717712രൂപയുണ്ട്. കുടിശ്ശിക ഡിമാന്റിലും അധികരിച്ച് 392885.85 രൂപ വരവ് ഉണ്ട്.

2016-17 വർഷത്തിലാണ് അരിയർ ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറായത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2015-16 വസ്തു നികുതി തുകയിൽ കുറവ് വന്നത് എന്നാണ് ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കിയത്.

3. വസ്തു നികുതി കുടിശ്ശികയുടെ വർഷം തിരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

4. AFS പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ 34820 രൂപ വരവുണ്ട്. എന്നാൽ മുൻ വർഷ AFS ( 2015-16)പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഇല്ല.

മുൻവർഷങ്ങളിൽ D&O ലൈസൻസ് എടുക്കാതിരുന്നവർ ലൈസൻസ് എടുക്കാൻ വന്നപ്പോൾ ടി ആളുകളിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതി ആണ് 34820 രൂപ എന്ന് മറുപടി ലഭ്യമാക്കി.

5. തൊഴിൽ നികുതി അഡ്വാൻസ് ഇനത്തിൽ 136140 രൂപയും, D&O ലൈസൻസ് ഫീ അഡ്വാൻസ് ഇനത്തിൽ 118800 രൂപയും വരവുണ്ട്. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9) എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14 പ്രകാരമുള്ള തുകകളുടെ (സ്റ്റോക്ക് ഇൻ ഹാന്റ്) വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരം അഡ്വാൻസ് ആയി കാണിച്ച ഇംപ്രസ്റ്റ് 200 രൂപ ഒഴികെയുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

9. വേങ്ങര സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ ഗ്രാമ പഞ്ചായത്തിനുള്ള 40110100110811 നമ്പർ അക്കൗണ്ട് 28.3.2016 ന് ക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ AFS ൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇനത്തിൽ ഈ അക്കൗണ്ടിൽ 14756 രൂപ കാണിച്ചിട്ടുണ്ട്.

അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

10. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15(a) പ്രകാരം Accumulated provision for outstanding property tax ന് വകയിരുത്തിയ തുക മുൻ വർഷ AFS പ്രകാരമുള്ള തുക തന്നെയാണ്.

11. MGNREGS ഇനത്തിലെ റവന്യൂ ചെലവുകൾ മുഴുവനും റവന്യൂ ഗ്രാന്റായി ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപെടുത്തിയിട്ടില്ല.

12. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 4596468.42 |
| വരവ് | 77813383 |
| ആകെ | 82409851.42 |
| ചെലവ് | 68157693 |
| നീക്കിബാക്കി | 14252158.42 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ | നീക്കിബാക്കി(RP | ചെലവ് |
|---|---|---|---|---|---|---|---|

| | | തുക | തുക | തുക | ക്രഡിറ്റ് | 40 b പ്രകാരം) | % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10002582 | 10002582 | 8354516 | 1648066 | 0 | 83.5 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2950098 | 2950098 | 1482000 | 1468098 | 0 | 50.2 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 34737 | 34737 | 34737 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8052981 | 8052981 | 3181224 | 4871757 | 0 | 39.5 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2762877 | 2762877 | 2437748 | 325129 | 0 | 88.2 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5608902 | 5608902 | 3646286 | 1962616 | 0 | 61.7 |
| ലോക ബാങ്ക് സഹായം | | 2937627 | 2937627 | 2197226 | 740401 | 0 | 74.5 |
| എം ജി എൻ ആർ ഇ ജിഎസ് | 0 | 27185640 | 27185640 | 27185640 | 0 | 0 | 100 |
| ബി ഫണ്ട് | 0 | 4865435 | 4865435 | 4865435 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

എ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 46551546 | 113 | 27910431 | 5 | 3 | 75% |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4329917 | 8071893 | 3741976 | +86 |
| നികുതിയേതര വരവുകൾ | 776125 | 1073920 | 297795 | +38 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 34243 | 43390 | 9147 | +26 |
| ആകെ | 5140285 | 9189203 | 4048918 | 78.7 |

## 1-8 ക്ഷേമപദ്ധതികൾ

1.തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 87360 | 50 |
| കർഷകത്തൊഴിലാളിപെൻഷൻ | 1772850 | 183 |
| വിധവാ പെൻഷൻ | 9805660 | 889 |
| വാർദ്ധക്യകാല പെൻഷൻ | 12472820 | 1139 |
| വികലാംഗ പെൻഷൻ | 2797550 | 284 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിലുള്ള ധനസഹായം | 129400 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.8.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10688രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

അസി. എഞ്ചിനിയർ T R 7 A ക്യാഷ് ബുക്കും, ഹെഡ് മാസ്ററർ, മെഡിക്കൽ ഓഫീസർ ഹോമിയോ, ആയുർവേദം എന്നിവർ പ്രൊജക്ട് രജിസ്ററും, അസി. എഞ്ചിനിയർ, അസി. സെക്രട്ടറി എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോസ്ഥർ സബ്സിഡിയറി രജിസ്ററും സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ്ഓഡിറ്റ് | 3.5.2017<br>5.5.2017 | 1/2017മുതൽ<br>2/2017വരെ | 30.6.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ്ജനറലിന്റെ ഓഡിറ്റ് | 8.12.2009 | 2004-05മുതൽ<br>2008-09വരെ | 24.4.2010 | ഇല്ല |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ വരുത്തി തൊഴിൽ നികുതി ഈടാക്കിയില്ല

പൊതുവിദ്യാഭ്യാസവകുപ്പിന്റെ14.2.11.ലെ ജി ഒ എം എസ് 36/11 നമ്പർ ഉത്തരവ്വ പ്രകാരംഅൺ എയ്ഡഡ് സ്കൂളിലെഅധ്യാപക അധ്യാപകേതര ജീവനക്കാർക്ക് താഴെപ്പറയും പ്രകാരം മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് .

| ഉദ്യോഗപ്പര് | വേതനനിരക്ക് |
|---|---|
| ഹെഡ്മാസ്ററർ | 7000 |
| എച് എസ് എ | 6000 |
| പ്രൈമറി ടീച്ചർ | 5000 |
| ക്ലർക്ക് | 4000 |
| പ്യൂൺ | 3500 |

എന്നാൽ മേൽ ഉത്തരവ്വ പ്രകാരം നിശ്ചയിച്ച നിരക്കിൽ നിന്നും, കുറവ് തുകയാണ് മേൽമുറി മനാറുൽ അൽഹുദാ യു.പി.സ്കൂളിലെ ജീവക്കാർക്ക് നൽകിയതായി തൊഴിൽ നികുതി റിട്ടേണുകളിൽ കാണിച്ചിരിക്കുന്നത്. ജീവനക്കാരുടെ ശരിയായ ശമ്പളം കാണിച്ചുകൊണ്ടുള്ള പുതുക്കിയ റിട്ടേണുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച 17/14.8.17നമ്പറായി ഓഡിറ്റ് എൻക്വയറിയ്ക്കു നല്കിയ മറുപടിയിൽ പ്രസ്തുത വിവരം സ്കൂൾ മാനേജ് മെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തിയതായി സെക്രട്ടറി അറിയിച്ചു.

## 2-3 റേഷൻകടകളിൽനിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല

പഞ്ചായത്തു പരിധിയിൽ 8റേഷൻകടകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഈ കടകളിൽ നിന്നും 2016-17 സാമ്പത്തികവർഷത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.' ഇതു സംബന്ധിച്ച നല്കിയ 16/14.8.17നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, 2017-18 വർഷം മുതലുള്ള ഫീയാണ് ഈടാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത് . 2016-17 വർഷത്തെ ലൈസൻസ് ഫീ, തൊഴിൽനികുതി , സ്ഥാപനതൊഴിൽനികുതി എന്നിവ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിററിനെ അറിയിയ്ക്കേണ്ടതാണ്

## 2-3 ടവറുകളുടെ വസ്തുനികുതി ഈടാക്കില്ല

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്തുപരിധിയിൽആകെ 6 മൊബൈൽ ടവറുകൾ ഉണ്ട് . എന്നാൽ ടി ടവറുകളുടെ വസ്തുനികുതിയിനത്തിലുള്ള കുടിശ്ശികയും തൻവർഷത്തെ വസ്തു നികുതിയും നാളിതുവരെ ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

ധനകാര്യ സ്റ്റാൻറിംഗ് കമ്മിററിയുടെ 6.3.17ലെ 3-ആം നമ്പർ തീരുമാനപ്രകാരം താഴെപ്പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായും ടി മൊബൈൽ കമ്പനികൾക്കെതിരെ അടിയന്തിരനടപടികൾ സ്വീകരിയ്ക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ടവറിൻറെ പേര് | വാർഡ്/കെട്ടിടനമ്പർ | കുടിശ്ശിക തുക |
|---|---|---|
| റിലയൻസ്‌വേൾഡ് | 1/214എ(199A) | 87200 |
| ഐഡിയമൊബൈൽസ് | 11/465 | 437404 |
| എയർസെൽ ഡിഫ്ററ് | 11/456ബി | 100799 |

ആകെ 625403/-

മേൽ ടവറുകളുടെ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതു സംബന്ധിച്ച നല്കിയ15/14.8.17നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി,നികുതി കുടിശ്ശികയുള്ള ടവറുകൾക്ക് അരിയർ ഡിമാന്റ് നോട്ടീസ് നൽകിയതായും, ടി ടവറുകളിൽനിന്നും നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ആർ ആർ നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട് .

2. ടവറുകളുടെ തൻവർഷത്തെ നികുതിയും ഈടാക്കിയില്ല

താഴെപ്പറയുന്നടവറുകളുടെ 2016-17 വർഷത്തെ വസ്തുനികുതിയും ഈടാക്കി ക്കാണുന്നില്ല.

| ടവറിന്റെ പേര് | വാർഡ് / കെട്ടിട നം |
|---|---|
| റിലയൻസ് വേൾഡ് | 1/199A |
| ഐഡിയ മൊബൈൽസ് | 11/465 |
| എയർസെൽ ഡിഫ്ററ് | 11/456B |
| എ ടി സി ടെലികോം | 4/378A |
| ഹാച്ച് സെല്ലുലാർ ലിമിററഡ് | 1/668A |

മേൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി പഞ്ചായത്തിലടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയ ബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല-1.10 കോടി രൂപ ലാപ്സായി

ഗ്രാമ പഞ്ചായത്തിന് ഗ്രാന്റ് ഇനത്തിൽ സംസ്ഥാന സർക്കാരിൽ നിന്ന് ആകെ ലഭിച്ച 3.23 കോടി രൂപയിൽ 1.10കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 3.23 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.13കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപെടെ ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 10002582 | 8354516 | 1648066 |
| വികസനഫണ്ട് എസ്.സി.പി. | 2950098 | 1482000 | 1468098 |
| വികസനഫണ്ട് ടി.എസ്..പി. | 34737 | 34737 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 8052981 | 3181224 | 4871757 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 2762877 | 2437748 | 325129 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5608902 | 3646286 | 1962616 |
| പെർഫോമൻസ് ഗ്രാന്റ് | 2937627 | 2197226 | 740401 |
| ആകെ | 32349804 | 21333737 | 11016067 |

## 3-2 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് 5.5% ൽ അധികരിയ്ക്കുന്നത് _ തുടർ നടപടി സ്വീകരിയ്ക്കുന്നില്ല:-.

സർക്കാർ ഉത്തരവ്(സാധാ)നം999/2017/ത.സ്വ.ഭ.വ. തീയതി 30.03.2017 പ്രകാരം 2016-17 വർഷത്തിൽ ജില്ലാ ഓഫീസുകളിലും ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാരുടെ വേതനം, ഭരണച്ചെലവ് ആകെ ചെലവിന്റെ 5.5% ൽ അധികരിയ്ക്കരുത് എന്ന വ്യവസ്ഥയിൽ, വർദ്ധിപ്പിച്ച് നൽകിയിരുന്നു. ഊരകം ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ ആകെ ചെലവ് 50,91,288/- രൂപയാണ്. എന്നാൽ ഭരണച്ചെലവ് 4,07,415/- രൂപയാണ്. ഉത്തരവ് പ്രകാരം അനുവദനീയമായ ഭരണച്ചെലവ് 280021/- രൂപയാണ്. 5.5%ൽ കൂടുതൽ വേതനം നൽകുന്ന പഞ്ചായത്തുകളിൽ തസ്തികകളുടെ എണ്ണം സംബന്ധിച്ച് മിഷൻ ഡയരക്ടർ ഒരു വാർഷിക വിലയിരുത്തൽ നടത്തി തസ്തികകളുടെ എണ്ണം ക്രമീകരിക്കേണ്ടതുണ്ട്.എന്നാൽ അത്തരത്തിലുള്ള ഒരു വാർഷിക വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ഭാവിയിൽ ഭരണച്ചെലവ്

5.5% ൽ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണെന്നും ഇപ്പോൾ അധികരിച്ച നൽകിയ (407415 -280021) 127394/-രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിററ് എൻക്വയറി നമ്പർ 11/10.8.2017 ന് ഹാജരാക്കിയ മറുപടിയിൽ കാര്യം ശ്രദ്ധയിൽ പെട്ടെങ്കിലും വിലയിരുത്തൽ നടത്തിയിട്ടില്ലെന്നും തുടർ വർഷങ്ങളിൽ ചെലവ് അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

## 3-3 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു:-</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്നപദ്ധിതികൾക്കായി വിവിധ സ്ഥാപനങ്ങളിൽ പണം ഡെപ്പോസിററ് ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ/പൂർത്തീകരണ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.ഓഡിററ് എൻക്വയറി 2/7.8.17 ന് ഹാജരാക്കിയ മറുപടിയിൽ ആയതു ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു.വിനിയോഗ/പൂർത്തീകരണ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 328748/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ബിൽ നമ്പർ തീയതി | വിവരണം | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | ബിൽ നമ്പർ 16/16-17തീ.27.2.17 | പ്രോജക്റ്റ് നമ്പർ s0139/17 കേരള സോഷ്യൽ സെക്യൂരിററി മിഷന് വിഹിതം നൽകിയത് | 87000 | കേരള സോഷ്യൽ സെക്യൂരിററി മിഷൻ |
| 2 | വൗച്ചർ നമ്പർ 21600564/2.2.17 | പ്രോജക്റ്റ് നമ്പർ s093/2017 മൃഗാശുപത്രി കുടിവെള്ള സൗകര്യം(ഫീസിബിലിററി സർട്ടിഫിക്കററിന്) | 1750 | ജില്ലാ ഓഫീസർ ഭൂഗർഭജല വകുപ്പ്, മലപ്പുറം |
| 3 | ബിൽ നമ്പർ 13/16-17 തീ.27.2.17 | പ്രോജക്റ്റ് നമ്പർ s0140/17 ഡി.പി.സി കെട്ടിടം - പഞ്ചായത്ത് വിഹിതം | 200000 | ചെയർ പേഴ്സൺ & മെമ്പർ സെക്രട്ടറി,ഡി.പി.സി. മലപ്പുറം |
| 4 | ബിൽ നമ്പർ 15/16-17 തീ.27.2.17 | പ്രോജക്റ്റ് നമ്പർ s0138/17 ഐ.കെ.എം വിഹിതം നല്കിയത് | 39998 | ഐ.കെ.എം. |

ആകെ 328748

## 3-4 <u>വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല - പൂർത്തീകരണ വിവരം ലഭ്യമാക്കാൻ നിർദ്ദേശം:-</u>

വി.ഇ.ഒ.നിർവ്വഹണം നടത്തിയ (പ്രോജക്റ്റ് നമ്പർs0022/17) ഭവന നിർമ്മാണം ജനറൽ പദ്ധതി പ്രകാരം ഒന്നാം ഗഡു കൈപ്പററിയ മൂന്ന് ഗുണഭോക്താക്കളും പി.എം.എ വൈ. ജനറൽ 2016-17 പ്രകാരം 128000/- രൂപ (കേന്ദ്രവിഹിതവും ബ്ലോക്ക് വിഹിതവും ചേർത്ത്) കൈപ്പററിയ ഒരു ഗുണഭോക്താവും വീട്ടുപണി പൂർത്തീകരിച്ചില്ല.ഓഡിററ് എൻക്വ യറി നമ്പർ 7/9.8.2017 പ്രകാരം തുടർ നടപടി വിവരം ഓഡിററിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പററിയ തുക/തീയതി |
|---|---|---|
| 1 | ശ്രീമതി.ജമീല.വി.കെ. | 80,000/- തീയതി 18.3.17 |

| | | |
|---|---|---|
| 2 | ശ്രീമതി.നജ്മുന്നീസ.പി.എം. | 80,000/- തീയതി 8.3.17 |
| 3 | ശ്രീമതി.ആയിഷ വെള്ളോടൻ | 80,000/- തീയതി8.3.17 |
| 4(പി.എം.എ.വൈ ജനറൽ)S0025/17 | ശ്രീമതി.ശാന്ത.കെD/o അയ്യപ്പൻ,കല്ലങ്ങേൽ ഹൗസ്,ഊരകം മേൽമുറി | 48000/-(കേന്ദ്ര.വി.)16.2.17<br>48000/-(കേന്ദ്ര.വി.)19.4.17<br>32000/-(ബ്ലോക്ക്.വി.)19.4.17<br>ആകെ:128000/- |

പി.എം.എ.വൈ ജനറൽ 2016-17 പഞ്ചായത്ത് വിഹിതം 140000/- രൂപ 7 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതം ബിൽ നമ്പർ 3/16-17 തീയതി 8.3.17 പ്രകാരം സെക്രട്ടറി വേങ്ങര ബ്ലോക്കിന് കൈമാറിയതിൽ ആറു ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ട്.(രണ്ട് പ്രോജക്ടുകളുടെയും അടങ്കൽ തുക 2,00,000/-രൂപയാണ്)ഓഡിററ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ വീട്ടു പണി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിററിനെ അറിയിക്കുന്നതാണെന്നറിയിച്ചു.

## 3-5 ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി-കരാറുടമ്പടിവച്ചില്ല-മരുന്നുകൾമുഴുവനും ലഭ്യമായില്ല:-

ഹോമിയോ മെഡിക്കൽഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ S0004/17 -ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം)ഫണ്ടിൽനിന്ന് 200000/- രൂപ ബിൽനമ്പർ 1/2016-17 27.1..2017 പ്രകാരം പിൻവലിച്ച് ഹോംകോ, മാനേജിംഗ്ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.നാളിതുവരെ 137575/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളു. 62425/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. 62425/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവുതുക 62425/--രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. മരുന്നുലഭ്യമാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.(ഓഡിററ് എൻക്വയറി 1 /7.8.2017ന് നൽകിയ മറുപടിയിൽ മരുന്നു ലഭ്യമാക്കി വിവരം അറിയിയ്ക്കുന്നതാണെന്നറിയിച്ചു).

## 3-6 ആശ്രയ പ്രോജക്റ്റ് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം)അംഗീകാരമായെങ്കിലും നടപ്പിലാക്കിയില്ല, - രണ്ടാം ഘട്ടം പ്രൊജക്റ്റ് അംഗീകാരമായില്ല:-

സ.ഉ( എം എസ്) 4/2016ത.സ്വ.ഭ.വ തീയതി 11.1.16പ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഒരു നിശ്ചിതകാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യനിർമാർജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവനപാക്കേജ് പരിഗണിച്ച് , ഒരു ആശ്രയ പദ്ധതിതയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ഊരകം ഗ്രാമ പഞ്ചായത്തിൽ ആശ്രയ ഒന്നാം ഘട്ട പദ്ധതി 2004-07 കാലയളവിൽ അവസാനിച്ചിരുന്നു. 2015-16ലെ ഓഡിററ് റിപ്പോർട്ട് ഖണ്ഡിക 3-1ൽ പ്രസ്തുത വിവരം വിശദമായി പരാമർശിച്ചിട്ടുണ്ട്ആശ്രയ ഒന്നാം ഘട്ട തുടർ സേവന പദ്ധതി സ.ഉ.(സാധാ)നമ്പർ 982/2017/ത.സ്വ.ഭ.വ. 30.03.2017 പ്രകാരം അടങ്കൽ തുക 4,67,600/- രൂപയായി അംഗീകാരം ലഭിച്ചെങ്കിലും നടപ്പിലാക്കിയില്ല.

അസി.സെക്രട്ടറി നിർവ ഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ S0103/17 ആശ്രയ അഗതി പുനരധിവാസ പദ്ധതിക്ക് 467600/- രൂപ (വി.ഫ.272000 + സംസ്ഥാനവിഷ്കൃത ഫണ്ട് 156600+ മററുള്ളവ 39000)വകയിരുത്തിയെങ്കിലും അംഗീകാരം വാങ്ങിയ പദ്ധതി നടപ്പിലാക്കിയില്ല.തുടർ സേവനപദ്ധതിയും രണ്ടാം ഘട്ടപദ്ധതിയും നടപ്പാക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി ഓഡിററ് വിലയിരുത്തുന്നു.ആശ്രയയുടെ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് വേങ്ങര ശാഖയിലെ അക്കൗണ്ട് നമ്പർ 11946 ൽ (സേവിംഗ്സ് ബാങ്ക്) 27.07.2017ന് പലിശയടക്കം 5,20,462/-രൂപ നീക്കിയിരിപ്പുണ്ട് . ദാരിദ്ര്യനിർമാർജന ഉപപദ്ധതിയിൽ "ആശ്രയ " എന്ന സ്പഷ്ട പ്രോജക്ട് ഉണ്ടായിരിക്കണമെന്നതിനാൽ, രണ്ടാം ഘട്ട പദ്ധതി അംഗീകാരത്തിനുള്ള ഊർജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-7 എസ് .എസ് .എ -വിനിയോഗവിവരം ലഭ്യമാക്കിയില്ല

10ലക്ഷം രൂപ അടങ്കലായി ഹെഡ്മാസ്ററർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് എസ് എ യ്ക്കു വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം S0008/17) 10,00000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം 1/17 തീ 1.9.16) എസ് എസ് എ യ്ക്കു നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

എസ് എസ് എ യ്ക്കു വേണ്ടി പിൻവലിച്ച തുക ഏതെല്ലാം സ്കൂളുകൾക്ക് ,ഏതെല്ലാം ഇനത്തിൽ ചെലവഴിച്ച എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച 10,00000 രൂപ തടസ്സം ചെയ്യുന്നു. (ഇതു സംബന്ധിച്ചു 13/14.8.17നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയിട്ടുണ്ട് ).

## 3-8 ഷീ പാഡ് -വിനിയോഗവിവരം ലഭ്യമാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഷീ പാഡ്എന്ന പ്രൊജക്ടു പ്രകാരം( നം S0085/17) 180000 രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാൻറിൽ നിന്നും പിൻവലിച്ച് (ബിൽ നം 2/17 തീ 6.3.17) സംസ്ഥാനവനിതാ വികസന കോർപറേഷന് ഇ ട്രാൻസ്ഫർ മുഖേന മുൻകൂറായി നൽകിയിട്ടുണ്ട്.(അക്കൗണ്ട് നം SBT 35810483408).പ്രസ്തുത പദ്ധതി പ്രകാരം പി. എം. എസ് .എ. യു .പി. സ്കൂൾ കാരാത്തോട് , നെല്ലിപ്പറമ്പ് എന്നീ രണ്ട് സ്കൂളുകളിലെ 540 കുട്ടികൾക്കുവേണ്ടിയാണ് തുക പിൻവലിച്ചിട്ടുള്ളത്.

പദ്ധതിയുടെ പൂർത്തീകരണവിവരവും ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗവിവരവും ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച 1,80,000 രൂപ തടസ്സം ചെയ്യുന്നു ഇതു സംബന്ധിച്ചു 9/9.8.17നമ്പറായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-9 അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ

2016-17വർഷത്തിൽ പഞ്ചായത്തിനുകീഴിൽ ആകെ 28അങ്കണവാടികളാണുള്ളത്. ഇതിൽ 15 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 11അങ്കണവാടികൾ വാടകകെട്ടിടത്തിലും 2എണ്ണം വാടകേതരകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. 25അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമായിട്ടുണ്ടെങ്കിലും മൂന്നു അംഗണവാടികൾക്കു കൂടി ഇനിയും വൈദ്യുതിസൗകര്യം ലഭിയ്ക്കാനവശേഷിയ്ക്കുന്നു. ടോയ് ലറ്റ് സൗകര്യം15അങ്കണവാടികൾക്ക് മാത്രമാണുള്ളത്. 13അങ്കണവാടികൾക്ക് കൂടി ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. 15അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം ലഭ്യമായിട്ടുണ്ട്. എല്ലാ അംഗനവാടികൾക്കും 2വീതം ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 9അങ്കണവാടികൾക്ക് ചുററുമതിൽ നിർമിച്ചിട്ടുണ്ട്.

സ്വന്തമായ കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുകയും പദ്ധതി ഫണ്ട് ഉപയോഗിച്ച് അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 3-10 GI പൈപ്പിന് അധിക വില നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച 2 മരാമത്ത് പ്രവൃത്തികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി GI പൈപ്പ് സ്ഥാപിച്ചതിന് കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്. പ്രസ്തുത ഡാറ്റയിൽ പ്രവൃത്തിക്കായി മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുക ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ GI പൈപ്പ് സ്ഥാപിച്ചതിന് മണ്ണ് കിളച്ചെടുത്തിട്ടില്ല.

ക്രമ നമ്പർ 3 പ്രവൃത്തിയിൽ റോഡ് സൈഡിൽ സിമന്റ് കോൺക്രീറ്റ് നിറച്ച് ലംബമായി സ്ഥാപിച്ച PVC പൈപ്പിനുള്ളിലൂടെ ബാരിക്കേടിന് വേണ്ടി GI പൈപ്പ് കടത്തിവെക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

തറ നിരപ്പിന് മുകളിലൂടെയാണ് പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുക കുറവ് ചെയ്തതിന് ശേഷമുള്ള തുക മാത്രമാണ് ഈ പ്രവൃത്തിയിൽ നൽകാവുന്നത്.അധികം നൽകിയ 24940രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക 120 /m | അധികം |
|---|---|---|---|---|---|
| മേച്ചേരി പുത്തൻപടി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ (135/17)<br>ബിൽ. 45/27.3.2017<br>തുക. 50000 | 50mmdia GI പൈപ്പ് | 102 m | 45324<br>(@444.35/m) | 50000<br>(@492.3/m. എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി) | 4676 |
| കോട്ടമ്മൽ-മുണ്ടശ്ശേരിപ്പാറ പൈപ്പ് ലൈൻ നീട്ടൽ (105/17)<br>ബിൽ. 38/27.3.2017<br>തുക. 81592 | 40mmdia GI പൈപ്പ് | 191.80m | 69274<br>(@361.18/m) | 81592<br>(@425.40/m) | 12318 |
| മാമ്പ്രവളപ്പ് ഫുട്പാത്ത് പ്രവൃത്തി (145/17)<br>ബിൽ. 48/27.3.2017<br>തുക. 242904<br>ബിൽ. | 40mmdia GI പൈപ്പ് | 165m | 59595<br>(@361.18/m) | 67541<br>(@409.34/m) | 7946 |

| | | | | | |
|---|---|---|---|---|---|
| 49/27.3.2017<br>തുക. 122854 | | | | | |
| | ആകെ | | | | 24940 |

അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണ ആവശ്യപ്പെട്ട് നൽകിയ 4 / 9.8.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മുണ്ടശ്ശേരിപ്പാറ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിയിൽ അധികം നൽകിയ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നതിന് കൺവീനർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും മറ്റ് രണ്ട് പ്രവൃത്തിയിൽ അധികം തുക നൽകിയിട്ടില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. അധികം നല്കിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയ പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ അദ്ദേഹം ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഇനങ്ങൾക്ക് DSRൽ ഡാറ്റ ഉള്ളതാണ്. (40mmപൈപ്പിന് – 18.12.5, 50mm പൈപ്പിന് – 18.12.6). പ്രസ്തുത ഡാറ്റയിലുള്ള ബെൽഡർ, കൂലി എന്നീ ഇനങ്ങളിലുള്ള തുക മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുകയാണ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

## 3-11 സിമന്റ് കോൺക്രീറ്റ് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാമ്പ്ര വളപ്പ് ഫുട്പാത്ത് പുരോഗമന പ്രവൃത്തി എന്ന പ്രവൃത്തിയിൽ ഇനം 11 ആയി ഫുട്പാത്ത് 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തതിന് DSRഡാറ്റ 7.11 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള നിരക്ക് ഫ്ലോറിങ് പ്രവൃത്തികൾക്ക് ബാധകമായ നിരക്കാണ്. DSRഡാറ്റ 4.1.3 പ്രകാരമുള്ള നിരക്കാണ് ഈ പ്രവൃത്തിക്ക് അനുവദനീയമായിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം സാങ്കേതികാനുമതി ലഭിച്ച ഇത്തരത്തിലുള്ള മറ്റ് പ്രവൃത്തികൾക്കെല്ലാം തന്നെ DSRഡാറ്റ 4.1.3 നിരക്കാണ് നൽകിയിട്ടുള്ളത്. അധികം നൽകിയ 4066രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകാവുന്ന തുക @6959.04/cum | നൽകിയ തുക @7331.92/cum | അധിക തുക |
|---|---|---|---|---|
| മാമ്പ്ര വളപ്പ് ഫുട്പാത്ത് പുരോഗമന പ്രവൃത്തി. (145/17)<br>ബിൽ. 48/27.3.2017<br>തുക. 242904<br>ബിൽ. 49/27.3.2017 തുക. 122854 | 10.902m3 | 75867 | 79933 | 4066 |

തെറ്റായി അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 6/9.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടി റോഡിന്റെ സൈഡ് ബെൽറ്റും, പില്ലറും ഉള്ളത് കൊണ്ടും ഫ്ലോറിങ് പ്രവൃത്തി ആയത് കൊണ്ടുമാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ഫുട്പാത്ത് കോൺക്രീറ്റിന് 11.7 പ്രകാരമുള്ള നിരക്ക് നൽകിയതിന് ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

## 3-12 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് വാളിന് വേണ്ടി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്. അധികം നൽകിയ 22032രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകാവുന്ന തുക @250.10/m2 | നൽകിയ തുക @459.33/m2 | അധികം |
|---|---|---|---|---|
| പഞ്ചായത്ത് പടി കുനിയൻമാട് റോഡ് കോൺക്രീറ്റ് (147/17)<br>ബിൽ. 41/29.3.2017 തുക. 400000 | 49.56 m2 | 12395 | 22764 | 10369 |
| ഉമ്മിണിക്കടവ് റോഡ് കോൺക്രീറ്റ് (40/17)<br>ബിൽ. 51/29.3.2017 തുക. 188000 | 55.745 m2 | 13942 | 25605 | 11663 |
| ആകെ | | 26337 | 48369 | 22032 |

വിശദീകരണം ആവശ്യപ്പെട്ട് 18/16.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, DSR ൽ അനുവദിച്ചിട്ടുള്ള ഡാറ്റ പ്രകാരമാണ് തുക നൽകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ പ്രവൃത്തിയിൽ സൈഡ് വാളിന് വേണ്ടി മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. അത് കൊണ്ട് തന്നെ ഫൗണ്ടേഷൻ പ്രവൃത്തിയായി മാത്രമേ ഈ പ്രവൃത്തിയെ കാണാവൂ. ഫൗണ്ടേഷന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR 4.3.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

## 3-13 ഷീറ്റ് റൂഫിങ് -അധിക വില നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ മേൽക്കൂര നിർമ്മാണത്തിനുള്ള ഷീറ്റ് - ന് 791.86/sqm (ഡാറ്റ DSR12.50) നിരക്കാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 0.50mm കനത്തിലുള്ള പ്രികോട്ടട് ഗാൽവനൈസ്ഡ് പ്രൊഫൈൽ ഷീറ്റ് ആണ് പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടത്. എന്നാൽ 14.8.2017ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ രണ്ട് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ 0.35 mmകനത്തിലുള്ള GI ട്രഫോൾഡ് ഷീറ്റ് ആണ് പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത് എന്ന് മനസ്സിലായി. 50 mmകനത്തിലുള്ള റൂഫിങ് ഷീറ്റ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തുകൾ ഈ ഇനത്തിന് ഉപയോഗിച്ച് വരുന്ന ഒബ്സെർവ്ഡ് ഡാറ്റ അനുസരിച്ചുള്ള നിരക്ക് 559/sqm ആണ്. താഴെ പറയും പ്രകാരം അധികം നൽകിയ 32983 രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക @791.86/sqm | നൽകാവുന്ന തുക @ 559/sqm | അധികം |
|---|---|---|---|---|
| GMLP സ്കൂൾ കാരാതോട് കഞ്ഞിപ്പുര നിർമ്മാണം | 41.60$m^2$ | 32941 | 23254 | 9687 |

| | | | | |
|---|---|---|---|---|
| (99/17)<br>ബിൽ. 59/31.3.2017 തുക. 319272 | | | | |
| GLP സ്കൂൾ കുറ്റാളൂർ കഞ്ഞിപ്പുര നിർമ്മാണം.(98/17)<br>ബിൽ. 43/29.3.2017 തുക. 154900<br>ബിൽ. 44/29.3.2017 തുക. 218000 | $41.58m^2$ | 32926 | 23243 | 9683 |
| വിവധ അംഗൻവാടികളുടെ പെയിന്റിങ്ങ് (109/17)<br>ബിൽ. 58/31.3.2017 തുക. 187298 | $12.60m^2$ | 9977 | 7043 | 2934 |
| വിവധ അംഗൻവാടികളുടെ റിപ്പയർ (108/17)<br>ബിൽ. 60/31.3.2017 തുക. 248494 | $45.86m^2$ | 36315 | 25636 | 10679 |
| ആകെ | | 112159 | 79176 | 32983 |

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് /16.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മരാമത്ത് പ്രവൃത്തികളിൽ മേൽക്കൂര നിർമ്മാണത്തിനുള്ള പ്രൊഫൈൽ ഷീറ്റിന് DSRഡാറ്റയിൽ 12.50 പ്രകാരമല്ലാതെ വേറെ ഡാറ്റ ഇല്ലാത്തതിനാലാണ് ഈ നിരക്ക് നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. DSRഡാറ്റയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ഒബസർവ്ഡ് ഡാറ്റ ഉണ്ടാക്കുകയാണ് ചെയ്യേണ്ടത്. ക്വാറി മക്ക് ഫില്ലിങ്ങിന് DSR ൽ ഡാറ്റ ഇല്ലാത്തതിനാൽ എല്ലാ ഗ്രാമ പഞ്ചയാത്തുകളും ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിക്കുന്നത്. അത് പോലെ മലപ്പുറം ജില്ലയിലെ മറ്റ് ഗ്രാമ പഞ്ചായത്തുകൾ റൂഫിങ് ഷീറ്റിന് ഉപയോഗിച്ച് വരുന്ന ഒബസർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് 559/sqm എന്നത് .ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

## 3-14 ഷീറ്റ് റൂഫിങ് പ്രവൃത്തി- പർലിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച ഷീറ്റ് റൂഫിങ് പ്രവൃത്തികളിൽ പർലിന് വേണ്ടിയുള്ള GI പൈപ്പിന് 131/ kg ആണ് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിങ്ങ് വിഭാഗം അംഗീകരിച്ച് നൽകിയിട്ടുള്ള അംഗീകൃത നിരക്ക് 115.15/kg ആണ് (ഡാറ്റ 50.10.2) ആണ്. അധികം നൽകിയ 10945രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക<br>@131/ kg | നൽകാവുന്ന തുക<br>@115.15/kg | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| GMLP സ്കൂൾ കാരാതോട് കഞ്ഞിപ്പുര നിർമ്മാണം (99/17)<br>ബിൽ. 59/31.3.2017 തുക. 319272 | 167.52 kg | 21945 | 19290 | 2655 |
| വിവധ അംഗൻവാടികളുടെ റിപ്പയർ (108/17)<br>ബിൽ. 60/31.3.2017 തുക. 248494 | 131.47 kg | 17223 | 15139 | 2084 |
| വിവധ അംഗൻവാടികളുടെ പെയിന്റിങ് (109/17)<br>ബിൽ. 58/31.3.2017 തുക. 187298 | 115.31 kg | 15106 | 13278 | 1828 |
| GLP സ്കൂൾ കഞ്ഞിപ്പുര നിർമ്മാണം. (98/17)<br>ബിൽ. 43/29.3.2017 തുക. 154900<br>ബിൽ. 44/29.3.2017 തുക. 218000 | 276.22 kg | 36185 | 31807 | 4378 |
| | | 90459 | 79514 | 10945 |

അധിക തുക നൽകിയത് സംബന്ധിച്ച് 5/9.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഷീറ്റ് റൂഫിങ് പ്രവൃത്തിക്ക് ജി.ഐ ഹോളോ സെക്ഷൻ ഉപയോഗിച്ചുള്ള ട്രസ്സ് വർക്ക് ആണ് ഉപയോഗിച്ച് വരുന്നത് എന്നും, 50.10.2 എന്നത് ജി.ഐ പൈപ്പ് ഉപയോഗിച്ച് (സിംഗിൾ സെക്ഷൻ) മാത്രമുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതുമാണ് എന്നാണ് അസി.എഞ്ചിനീയർ മറുപടി നൽകിയത്.ട്രസ്സ് വർക്കിൽ ഉപയോഗിക്കുന്ന പർലിന് സിംഗിൾ സെക്ഷൻ പ്രവൃത്തി ആണ്. ആയതിനാൽ 50.10.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. ഇക്കാര്യം 50.10.2 ഡാറ്റയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

## 3-15 ആദായ നികുതി കുറവായി ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിന്ന് 1% നിരക്കിൽ മാത്രമാണ് ആദായ നികുതി ഈടാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികളിൽ നിന്ന് 2% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനത്തിലും ഓവർ ഹെഡ് ചാർജ് എന്ന പേരിൽ 7.5% തുക കൂടി അധികം ഉൾപെടുത്തുന്നുണ്ട്. ഇത് വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി, ആദായ നികുതി എന്നിവ അടവാക്കുന്നതിന് വേണ്ടി വകയിരുത്തുന്ന തുകയാണ്. എന്നാൽ പ്രവൃത്തി കൺവീനർമാരിൽ നിന്ന് വാറ്റ് 5%, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി 1%,ആദായ നികുതി 1% എന്നിങ്ങനെ ആകെ 7% നികുതി മാത്രമാണ് ഈടാക്കുന്നത്. ഫലത്തിൽ കൺവീനർമാർക്ക് 0.5%ലാഭം ലഭിക്കുകയാണ്. ആയതിനാൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ നിന്നെല്ലാം നികുതി ഇനത്തിൽ 1% കൂടി ഈടാക്കി ആയത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ആകെ 31 പ്രവൃത്തികളാണ് 2016-17 ൽ നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 2015-16 ലെ സ്പിൽ ഓവർ പ്രൊജക്ടുളായ 8 പ്രവൃത്തികളും ഉണ്ട്.

കുറഞ്ഞ നിരക്ക് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 3/9.8.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 2015-16 ലും 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയതെന്നും ഇതിന് വ്യത്യസ്തമായ നിർദ്ദേശം ലഭിക്കാതിരുന്നതിനാലാണ് 1% ആദായ നികുതി ഈടാക്കിയതെന്നുമാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്ന് 2% നിരക്കിൽ ആദായ നികുതി ഈടാക്കണമെന്ന് വ്യക്തമായ നിർദ്ദേശമുള്ളതും മലപ്പുറം ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലെ ഇത്തരത്തിലുള്ള മരാമത്ത് പ്രവത്തികളിൽ നിന്നെല്ലാം 2% നിരക്കിൽ നികുതി ഈടാക്കി വരുന്നതുമാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

## 3-16 തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു:-

പ്രോജക്ട് നമ്പർ SO113/17 പേവിഷ നിയന്ത്രണവും അനുബന്ധ പദ്ധതികളും എന്ന പദ്ധതിക്കായി തനതു ഫണ്ടിൽനിന്നും വകയിരുത്തിയ 100000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വെററിനറി ഡോക്ടർ സർക്കാർ ഉത്തരവ് നമ്പർ 10108/2016/Fin 30.12.2016 പ്രകാരം ഡെപ്യൂട്ടി ഡയരക്ടർ മൃഗസംരക്ഷണവകുപ്പ് മലപ്പുറത്തിന് തെരുവുനായ പ്രജനന നിയന്ത്രണപദ്ധതി നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. 6.3.2017 ന് ഡെപ്യൂട്ടി ഡയരക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പർ 799011400000305 ലേയ്ക്ക് തുക കൈമാറിയതിന് കൈപ്പററ് രശീതി ഹാജരാക്കിയിട്ടുണ്ട്. ഓഡിററ് എൻക്വയറി നമ്പർ 8/9.8.17 പ്രകാരം വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും പദ്ധതി ഊരകം പഞ്ചായത്തിൽ നടപ്പിലാക്കാത്തതിനാൽ ഹാജരാക്കാൻ കഴിയില്ല എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കുന്നതുവരെ ചെലവു തുക 100000/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്ന

## 3-17 പരിരക്ഷ പദ്ധതി - മരുന്ന് ലഭ്യമായില്ല

ബിൽ. 5/23.2.2017 തുക 100000 പ്രൊജക്ട് 41/17

ചെക്ക് 9348864/16.12.16 തുക 63000 പ്രൊജക്ട് 64/17

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പ്രൊജക്ടിന്റെ (41/17) ഭാഗമായിമരുന്ന് വാങ്ങിക്കുന്നതിന് 163000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് ( KMCL ) നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മരുന്ന് ലഭ്യമായതിന്റെ വിവരം 10/10.8.2017 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ 163000രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

മരുന്ന് ലഭ്യമായതിന്റെ വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനി യോഗം

4-1

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് ,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വേങ്ങര | 400000 | കോഴിഗ്രാമം | 0 | 400000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ/ചെക്ക് | മുൻകൂർ | ചെലവഴിച്ച | പൂർത്തീകരിച്ച | ബാക്കി |
|---|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ | നൽകിയതുക | തുക | വിവരം | തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | താട്ടയിൽ കുടിവെള്ളപദ്ധതി | 21600624 | 116108 | 116108 | പൂർത്തീകരിച്ചു | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

**(എ)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

**(ബി)** വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 50294/- രൂപ ഈടാക്കിയിട്ടുണ്ട്

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം തീയതി |
|---|---|---|---|---|
| 2009-10 2010-11 | 3.11 | 672 | കോയ വെള്ളക്കാൻതൊടി,സെക്രട്ടറി | 11601100106 |
| 2013-14 2014-15 | 2.6 | 666 | അമ്പാളി പോക്കുട്ടി8/184E | 11601102414 20.7.16 |
| | 2.6 | 762 | വലിയപീടിയേക്കൽ കുഞ്ഞാലൻ 9/347A | 11601102878 16.8.16 |
| | 2.6 | 815 | കുനാരി മുഹമ്മദ് 1/206 C | 11601102879 16.8.16 |
| | 2.6 | 786 | മാട്ടറമുഹമ്മദ് മുസ്തഫ | 11601102882 16.8.16 |
| | 2.6 | 815 | കണ്ടുപുഴയ്ക്കൽ | 19403/56 |

| | | | |
|---|---|---|---|
| | | മൊയ്തീൻകുട്ടി | 17.8.16 |
| 2.6 | 609 | അബ്ദുൾ റസാഖ് ആലിപറമ്പൻ | 11601102894 17.8.16 |
| 2.6 | 599 | വലിയപീടിയേക്കൽ ആലിക്കുട്ടി | 11601102899 17.8.16 |
| 2.6 | 682 | | 11601102991 19.8.16 |
| 2.6 | 542 | ചാലിൽ മുഹമ്മദ് | 11601103014 20.8.16 |
| 2.6 | 456 | മുഹമ്മദ് മാട്ടിൽ | 11601103349 27.8.16 |
| 2.6 | 527 | ഇടയാടിയിൽ മാത്യു | 11601103531 31.8.16 |
| 2.1 | 3400 | കണ്ണേത്ത് കുഞ്ഞിമുഹമ്മദ് | 11601104528 30.9.16 |
| 3.14 | 4032 | സുൾഫിക്കർ എൻ എ ഇ | 11601104598 1.10.16 |
| 3.18 | 1602 | സുൾഫിക്കർ എൻ എ ഇ | 11601104599 1.10.16 |
| 3.1 | 23247 | സുൾഫിക്കർ എൻ എ ഇ | 11601104869 1.10.16 |
| 2.5 | 117 | കുണ്ടുപുഴയ്ക്കൽ അബ്ദുൾ അസീസ് | 11601104941 7.10.16 |
| 2.6 | 78 | മൊയ്തീൻതോട്ടശ്ശേരി | 11601106052 7.10.16 |
| 2.6 | 89 | കുട്ടി സിറാജ് | 11601106064 11.11.16 |
| 2.6 | 78 | ഹംസ ചക്കുങ്ങൽ | 11601106075 11.11.16 |
| 2.6 | 63 | പരപ്പൻ ബഷീർ | 11601106076 11.11.16 |

| | | | | |
|---|---|---|---|---|
| | 2.6 | 89 | മുഹമ്മദ് ആലുങ്ങൽ | 11601107019<br>11.11.16 |
| 2015-16 | 2.5 | 9568 | വില്ലേജ് ഓഫീസർ ഊരകം | 11601109418<br>11.11.16 |

ആകെ 50294/-

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാന വശേഷിക്കുന്ന വയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.27 | 2011-12 | 3.27 | റോഡ് അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിററ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77813383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68157613 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94966 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1834173 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 24940 | ശ്രീ. ശശിധരൻ നായർ അസി എഞ്ചിനിയർ |
| 3-11 | | 4066 | “ |
| 3-12 | | 22032 | “ |

| | | | |
|---|---|---|---|
| 3-13 | | 32983 | “ |
| 3-14 | | 10945 | “ |
| ആകെ | | 94966 | “ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 328748 | ശ്രീ .ശംസുദ്ദീൻ സി കെ സെക്രട്ടറി |
| 3-5 | 62425 | ഡോ .ഉഷാറാണിമെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 1000000 | ശ്രീ ടി മുഹമ്മദ് കുഞ്ഞി ഹെഡ് മാസ്ററർ |
| 3-8 | 180000 | ശ്രീമതി സെലീന ജോസഫ് ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-16 | 100000 | ഡോ അജ്ൽ സി എച്ച് വെററനറി സർജൻ |
| 3-17 | 163000 | ഡോ ഹഫീസു റബ്മാൻ മെഡിക്ക്ൽ ഓഫീസർ (പി എച് സി) |
| ആകെ | 1834173 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ശശിധരൻ നായർ അസി എഞ്ചിനിയർ | അസി. എഞ്ചിനിയർ ഊരകം ഗ്രാമപഞ്ചായത്ത് | “കൃഷ്ണശ്രീ”, അമ്പാടി നഗർ ,ശ്രീകാര്യം പി ഒ തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽ എഫ് എം10/369/88 തീ .7.10.10 | 3 |
| 1987-88<br>88-89 | എൽ എഫ് എം1448/95 തീ.7.10.10 | 5 |
| 1992-93<br>93-94 | എൽ എഫ് എം7/579/96 തീ .7.10.10 | 7 |
| 1994-95<br>95-96 | എൽ എഫ് എം14/506/02 തീ .7.10.10 | 15 |
| 1996-97 | എൽ എഫ് എം14/1192/02(1) തീ .7.10.10 | 15 |
| 1997-98 | എൽ എഫ് എം14/1192/02(2) തീ .7.10.10 | 18 |
| 1998-99 | എൽ എഫ് എം17/78905 തീ .7.10.10 | 35 |
| 1999-00 | എൽ എഫ് എം17/78905 തീ .7.10.10 | 35 |
| 2000-01 | എൽ എഫ് എം8/257/07 തീ .7.10.10 | 55 |

| | | |
|---|---|---|
| 2001-02 | എൽ എഫ് എം8/1404/07 തീ .7.10.10 | 14 |
| 2002-03 | എൽ എഫ് എം8/1405/07 തീ .7.10.10 | 19 |
| 2003-04 | എൽ എഫ് എം8/1406/07 തീ .7.10.10 | 14 |
| 2004-05 | എൽ എഫ് എം8/1407/07 തീ .7.10.10 | 18 |
| 2005-06 | എൽ എഫ് എം8/1408/07 തീ .7.10.10 | 9 |
| 2006-07 | എൽ എഫ് എം10/1291/08 തീ .7.10.10 | 4 |
| 2007-08 | കെഎസ്എഎംപിഎം11/2474/15/07<br>തീ .10.1.2011 | 7 |
| 2008-09 | എൽ എഫ് എം10/2050/10 തീ .19.1.11 | 11 |
| 2009-10<br>2010-11 | എൽ എഫ് എം11/776/13തീ .7.9.15 | 24 |
| 2011-12<br>2012-13 | കെ എസ് എ എം പി എം11/694/15തീ .5.2.16 | 8 |

| | | |
|---|---|---|
| 2013-14<br>2014-15 | കെഎസ്എഎം പി എം27/1870/16തീ26.7.26.16 | 26 |
| 2015-16 | കെ എസ് എ എം പി എം27/3396/16 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ.എം.പി.എം.27/1969/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി.03-10-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊരകംഗ്രാമ പഞ്ചായത്തിന്റെ **2016-17** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## AUDIT CERTIFICATE

No.KSA/MPM.27/1969/17

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date:03-10-2017

Certified that I have audited the Annual Financial Statement of Orakam Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Orakam Grama panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department